(സി) ഉണ്ട്.

(ഡി) കേരള സംസ്ഥാന ചെത്തുതൊഴിലാളി ഫെഡറേഷൻ (സി.ഐ.ടി.യു), അഖില വൈപ്പിൻ ചെത്തുതൊഴിലാളി യൂണിയൻ (സി.ഐ.ടി.യു.), വൈപ്പിൻ ചെത്തു തൊഴിലാളി യൂണിയൻ (എ,ഐ.ടി.യു.സി.), വൈപ്പിൻ മേഖല ചെത്തുതൊഴിലാളി യൂണിയൻ (ഐ.എൻ.ടി.യു.സി.) തുടങ്ങിയ യൂണിയനുകളിൽ നിന്നും നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്:

(ഇ) ക്ഷേമനിധി കുടിശ്ശിക ബാദ്ധ്യതയിൽ നിന്നും ട്രേഡ് യൂണിയൻ നേതാക്കളെ ഒഴിവാക്കാൻ വേണ്ടി ക്ഷേമനിധി നിയമം ഭേദഗതി ചെയ്യാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

കള്ളു വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ഭരണ ചെലവ്

56 [2248] ശ്രീ. ഗോപി കോട്ടമുറിക്കൽ: താഴെ കാണുന്ന ചോദ്യത്തിന് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കള്ളു വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ഭരണ ചെലവിനത്തിൽ ഈ ഗവൺമെന്റു വന്നതിനു ശേഷം ഓരോ സാമ്പത്തിക വർഷത്തിലും എത്ര തുക വീതം ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

വർഷം	ചെലവ് (രൂപ)
1987-88	62,52,184.00
1988-89	71,81,659.00
1989-90	73,24,964.00
1990-91 (4/1990 മുതൽ 2/1991 വരെ)	1,03,37,494.00

A Committee to study the mode of living of Plantation Labourers

57 [2249] **Shri Sundaram Manickam:** Will the Minister for Labour be pleased to state:

(a) Have the Government announced that a committee should be appointed to study the mode of living of plantation labourers;

(b) When will the said committee start functioning;

(c) What steps have been taken by the Government to recognise the Labour Union;

LIBRARY ARCHIVES Kerala Legislative Assembly